# പുന്നശ്ശേരി നമ്പി നീലകണ്ഠശർമാവ്

ഡോ . കെ . ദേവീകൃഷ്ണൻ,
ചീഫ് സബ് എഡിറ്റർ, പ്രസിദ്ധീകരണ വിഭാഗം
ആര്യവൈദ്യശാല, കോട്ടക്കൽ



പാലക്കാട് ജില്ലയിലെ പട്ടാമ്പിക്കടുത്തു പെരുമുടിയൂർ ദേശത്താണ് പുന്നശ്ശേരി ഇല്ലം. 'ഗുരുനാഥൻ' എന്ന് പണ്ഡിതന്മാരുടെയും ശിഷ്യന്മാരുടെയും മനസ്സിൽ ആദരവോടു കൂടി നിറഞ്ഞു നിന്നിരുന്ന നീലകണ്ഠശർമാവിന്റെ ജന്മം കൊണ്ട് പവിത്രമായ സ്ഥലമാണ് പെരുമുടിയൂർ.

1858 ജൂൺ മാസത്തിലാണ് നീലകണ്ഠശർമാവ് ജനിച്ചത്. സംസ്കൃതഭാഷക്കും വിദ്യാഭ്യാസത്തിനും പ്രചാരണത്തിനുമായി ജീവിതം മുഴുവൻ സമർപ്പിച്ച ഗുരുശ്രേഷ്ഠൻ.

അച്ഛൻ നാരായണശർമാവ്. അമ്മ പാപ്പിമനയമ്മ.

ഈങ്ങയൂർ ഭഗവതിയുടെ അനുഗ്രഹമാണ് പണ്ഡിതശ്രേഷ്ഠന് ലഭിച്ചത്. ചിന്താമണി വൈദ്യശാല സ്ഥാപിച്ചു ആതുരശുശ്രൂഷ നടത്തി. കോഴിക്കോട് സാമൂതിരിപ്പാട് നടത്തിയിരുന്ന സഹൃദയസംഗമം എന്ന പണ്ഡിതസദസ്സിൽ പ്രധാനി അദ്ദേഹമായിരുന്നു. കർഷകരെ സഹായിക്കാൻ കർഷകചിന്താമണി എന്ന സഹകരണസംഘം രൂപീകരിക്കുവാനും അദ്ദേഹം ശ്രമിച്ചിരുന്നു എന്നുള്ളത് ഓർമ്മിക്കത്തക്കതാണ്.സമൂഹത്തിലെ ഉന്നതരായ ബറോഡാ രാജാവ്, തിരുവിതാകൂർ മഹാരാജാവ്, ശ്രീമൂലംതിരുനാൾ എന്നിവരുമായി അടുത്തബന്ധം കാത്തുസൂക്ഷിച്ചിരുന്നു പണ്ഡിതരാജൻ. തിരുവിതാകൂർ ശ്രീമൂലം തിരുനാൾ രാമവർമ മഹാരാജാവ്, കോഴിക്കോട് മാനവിക്രമ ഏട്ടൻ തമ്പുരാൻ എന്നിവർ വീരശൃംഖലകളും തൃപ്പൂണിത്തുറ വിദ്വൽസദസ്സ് പണ്ഡിതരാജബിരുദം നൽകിയും ആദരിച്ചിട്ടുണ്ട്. പുന്നശ്ശേരി ഇല്ലക്കാർക്ക് നമ്പി എന്ന ഒരു മാന്യസ്ഥാനം സാമൂതിരി കല്പിച്ചു കൊടുത്തതാണ്.

## വിദ്യാഭ്യാസം, സൗഹൃദം

ആറങ്ങോട്ടൂർ വാരിയരാണ് അക്ഷരഗുരു. തൃത്താല വീട്ടിൽ ഗോവിന്ദമാരാർ, കുലുക്കല്ലൂർ ഉണിക്കണ്ടവാര്യർ എന്നീ ഗുരുനാഥന്മാരിൽ നിന്ന് നിലത്തെഴുത്ത്, കണക്ക്, അമരകോശം, സിദ്ധരൂപം, ശ്രീരാമോദന്തം എന്നിവ നീലകണ്ഠശർമ്മാവ് പഠിച്ചു. ജ്യോതിഷത്തിലെ അറിവുകൾ പകർന്നു നൽകിയത് ശ്രീ  കേരളവർമ്മ ഉണിത്തിരിയാണ്. ജ്യോതിഷ ഗുരുവിന്റെ അകാലചരമം നീലകണ്ഠശർമ്മാവിനെ തളർത്തി. തുടർന്ന് പഠിക്കാനുള്ള സാഹചര്യവും അനുകൂലമായിരുന്നില്ല. കേവലം 15 വയസ്സുള്ളപ്പോൾത്തന്നെ നീലകണ്ഠശർമ്മാവ് പഞ്ചാംഗം ഗണിച്ച് അച്ചടിച്ച് പ്രസിദ്ധപ്പെടുത്തി. പിന്നീട് കുറച്ചുകാലം കഴിഞ്ഞപ്പോൾ തൃപ്രങ്ങോട്ട് കിഴക്കേ പുല്ലത്തു ശങ്കരന്റെ (കുഞ്ഞുണ്ണി മൂസ്) ശിഷ്യനായി. ഗുരുകുലവിദ്യാഭ്യാസരീതിയിൽ സംസ്കൃതസാഹിത്യം, വ്യാകരണം, അലങ്കാരം, ആയുർവ്വേദം എന്നിവയിൽ പ്രാവീണ്യം നേടി. മൂകാംബികാദേവി അനുഗ്രഹിച്ച സംസ്കൃതപണ്ഡിതനാണ് പുന്നശ്ശേരി നമ്പി.

മണന്തല നീലകണ്ഠൻ മൂസ്, വെള്ളാനശ്ശേരി വാസുദേവൻ മൂസ്, കറുത്തപാറ ദാമോദരൻ നമ്പൂതിരി തുടങ്ങിയ പണ്ഡിതന്മാരുമായി സൗഹൃദം പുലർത്തിയിരുന്നു. ഈ പണ്ഡിതന്മാരുമായുള്ള അടുപ്പംകൊണ്ടാണ് അദ്ദേഹത്തിന് 'വിജ്ഞാനചിന്താമണി' എന്ന സംസ്കൃതഭാഷാ പ്രചാരണത്തിനായുള്ള മാസിക പ്രസിദ്ധപ്പെടുത്താൻ സാധ്യമായത്. ഇരുപത്താറ് കൊല്ലക്കാലം വിജ്ഞാന ചിന്താമണി പ്രസിദ്ധപ്പെടുത്തിയിരുന്നു. സംസ്കൃതപ്രചാരണം പ്രധാനലക്ഷ്യമായിക്കരുതിയ  അദ്ദേഹം 'സാരസ്വതോദ്യോതിനി'എന്ന ഒരു പാഠശാല തുടങ്ങി, പുതിയ സംസ്കൃത പണ്ഡിതന്മാരെ  സൃഷ്ടിച്ച മഹാനാണ്. 1889 ലെ വിജയദശമി ദിവസമാണ് പ്രസ്തുത പാഠശാല തുടങ്ങിയത്. പട്ടാമ്പിക്കടുത്തു പെരുമുടിയൂരിൽ ആരംഭിച്ച ഈ സംസ്കൃത പാഠശാല ജാതിമത ഭേദമന്യേ എല്ലാവർക്കും പ്രവേശനം നൽകിയിരുന്നു.

പുന്നശ്ശേരി നമ്പിയെക്കുറിച്ചു മഹാകവി ഉള്ളൂർ പറഞ്ഞത് സ്മരണീയം-‘‘ഔദ്യോഗികമായ പരാധീനതകൾ ഒഴിഞ്ഞാൽ കുറച്ചുദിവസം പട്ടാമ്പി വന്ന് പുന്നശ്ശേരി ഗുരുനാഥന്റെ കീഴിൽ രഘുവംശം പഠിക്കണം”പുന്നശ്ശേരി നമ്പി ശ്രീനാരായണഗുരുവിനോട് അഭ്യർത്ഥിച്ച് ഈഴവസമുദായത്തിലെ പാവപ്പെട്ട വിദ്യാർത്ഥികളെ പട്ടാമ്പിയിലേക്കു വരുത്തി ഭാഷയിൽ പ്രാവീണ്യമുള്ളവരാക്കി. വിദ്വാൻ, ശിരോമണി എന്നീ പരീക്ഷകൾക്ക് വിദ്യാർത്ഥികളെ പരിശീലിപ്പിച്ചിരുന്നു. 1910ൽ മദ്രാസ് വിദ്യാഭ്യാസവകുപ്പ് ഈ സരസ്വതിക്ഷേത്രത്തെ ഒരു മാതൃകാപാഠ ശാലയായി അംഗീകരിച്ചു .വിദ്യാഭ്യാസശേഷം യുവാക്കൾക്ക് ജോലി ലഭ്യമാകുന്ന തരത്തിൽ സംസ്കൃതവിദ്യാലയ ങ്ങളെ സർക്കാരിനെ ക്കൊണ്ട് അംഗീകരിപ്പിക്കുന്നതിലും ഗുരുനാഥൻ ശ്രദ്ധിച്ചിരുന്നു. ഭാഷ പഠിച്ചാൽ മാത്രം പോരാ അത് ജീവിക്കാനുള്ള മാർഗവും കൂടി ആകണ മെന്ന് അദ്ദേഹം ചിന്തിച്ചു.

ക്ഷേത്രപ്രവേശനവിളംബരത്തിനുള്ള കമ്മിറ്റിയിൽ അംഗമായി അവർണ്ണർക്ക് ആരാധനാസ്വാതന്ത്ര്യം നൽകുന്നതിൽ പ്രധാന പങ്കുവഹിച്ച ഒരു ബ്രാഹ്മണനാണ് അദ്ദേഹം.

വൈദ്യരത്നം പി.എസ്. വാരിയരും വള്ളത്തോളും പുന്നശ്ശേരിനമ്പി യും മലബാറിലെ വിദ്യാഭ്യാസ, സാമൂഹിക, സാംസ്കാരിക പരിഷ്കർത്താ ക്കളിൽ പ്രഥമഗണനീയരായിട്ടുള്ളവരാണ് - വൈദ്യരത്നം പി.എസ്. വാരിയരും വള്ളത്തോളും പുന്നശ്ശേരിനമ്പിയും. സമകാലികരായ ഇവർ പടുത്തുയർത്തിയ സ്ഥാപനങ്ങൾ ഇന്നും പ്രശസ്തമായിത്തന്നെ നിലകൊള്ളുന്നു. ആയുർവേദത്തിന്റെ അഭിവൃദ്ധിക്ക് വൈദ്യന്മാരുടെ കൂട്ടായ പ്രവർത്തനങ്ങളാണ് പ്രധാനമായും വേണ്ടത് എന്നുള്ള ആശയം വൈദ്യരത്നം പി.എസ്.വാരിയർ സമാനമനസ്കരുമായി പങ്കുവച്ചു. പുന്നശ്ശേരി നമ്പിയുടെ സുഹൃത്തു വെള്ളനാശ്ശേരി വാസുദേവൻ മൂസിന്റെ കുറ്റൂരിലുള്ള ആരോഗ്യചിന്താമണി വൈദ്യശാലയിൽ വച്ച് കൂടിയ ഒരു യോഗത്തിൽ പി.എസ്. വാരിയർ ആയുർവേദസംഘടനയുടെ രൂപരേഖ അവതരിപ്പിച്ചു. ആര്യവൈദ്യസമാജം എന്ന ഒരു സംഘടന രൂപീകരിക്ക

ണമെന്ന് ഒരു തീരുമാനം പ്രസ്തുതസമ്മേളനത്തിൽ വച്ച് എടുത്തു.1903 ൽ ആര്യവൈദ്യസമാജം രൂപീകരിക്കുന്നതിനുള്ള പ്രഥമയോഗം കോട്ടക്കൽ ആര്യവൈദ്യശാല പരിസരത്തു വച്ചാണ് കൂടിയത്. തുടർന്നുള്ള വർഷങ്ങളിൽ ആര്യവൈദ്യസമാജത്തിന്റെ അധ്യക്ഷനായിരുന്നത്, പുന്നശ്ശേരി നമ്പിയായിരുന്നു. ആര്യവൈദ്യസമാജത്തിന്റെ ആഭിമുഖ്യത്തി ലാണ് ആയുർവേദ കോളേജുകളിൽ പരീക്ഷ നടത്തിയിരുന്നത്. പ്രമുഖ വൈദ്യന്മാരുടെ അംഗീകാരത്തോടെ വൈദ്യൻ സർട്ടിഫിക്കറ്റ് ചികിത്സകന്മാർക്ക് നേടാനായി എന്നുള്ളത് ഗുരുകുല വിദ്യാഭ്യാസത്തിൽ നിന്നുള്ള പ്രധാനപ്പെട്ട ഒരു മാറ്റമായിരുന്നു .

അധീതിബോധാചരണപ്രചാരണങ്ങളിൽ ഉറച്ചു വിശ്വസിച്ചിരുന്ന പണ്ഡിതരാജനാണ് പുന്നശ്ശേരി നമ്പി. കോവിലകങ്ങളിൽ നിന്നും ബ്രാഹ്മണപൗരോഹിത്യങ്ങളിൽ നിന്നും സംസ്കൃതഭാഷയെ സാമാന്യ ജനങ്ങളിലേക്കെത്തിച്ചത് അദ്ദേഹമാണ്. അച്ചടിയുടെ ആദ്യ കാലഘട്ട ത്തിൽത്തന്നെ വിജ്ഞാനചിന്താമണി എന്ന അച്ചുകൂടം സ്ഥാപിക്കുകയും അതേ പേരിൽ ഒരു സംസ്കൃത/മലയാള മാസിക തുടങ്ങുകയും ചെയ്തത് സാമൂഹിക സാംസ്കാരിക സേവന രംഗത്തുള്ള അദ്ദേഹത്തി ന്റെ സജീവ സാന്നിധ്യത്തിനുള്ള ഉദാഹരണങ്ങളാണ്.

ഗവണ്മെന്റ് അദ്ദേഹത്തെ മലബാർ ഡിസ്ട്രിക്ട് ബോർഡ് മെമ്പറായി നിയമിച്ചിരുന്നു. ഇംഗ്ളീഷിലായിരുന്ന ബോർഡ് നടപടികൾ മലയാളത്തിലാക്കണമെന്ന് അദ്ദേഹം വാദിച്ചു ജയിച്ചു.1915 ൽ മദിരാശി സർവകലാശാല സംസ്കൃത ഭാഷാ നിയാമക ബോർഡിൽ പരീക്ഷകൻ ആയിരുന്നു അദ്ദേഹം. ബോർഡ് ഓഫ് സ്റ്റഡീസ് മെമ്പറും ആയിരുന്നു പണ്ഡിതരാജൻ. മദിരാശി ഗവണ്മെന്റ് L. I. M പരീക്ഷകളുടെയും തിരുവിതാംകൂർ ഗവണ്മെന്റ് ആയുർവേദ പരീക്ഷകളുടെയും പരീക്ഷക നായും പുന്നശ്ശേരി നമ്പിയെ നിയമിച്ചിരുന്നു. കോട്ടക്കൽ ആര്യവൈദ്യ ശാല സമാജം വകയായി നടത്തിയിരുന്ന വൈദ്യപരീക്ഷകൾക്കും അദ്ദേഹം പരീക്ഷകനായിരുന്നു.

വൈദ്യരത്നം പി.എസ്.വാര്യർക്ക് പുന്നശ്ശേരി നമ്പിയുമായി നല്ല അടുപ്പം ഉണ്ടായിരുന്നു. പുന്നശ്ശേരിക്ക് അസുഖമാണെന്ന് അറിഞ്ഞ പ്പോൾത്തന്നെ ആയുർവേദ പാഠശാലയിലെ പ്രധാന അധ്യാപകനായ വൈദ്യവിശാരദനായ പി .കെ..രാമുണ്ണിമേനോനെ അസുഖവിവരങ്ങൾ അന്വേഷിച്ചറിയാൻ അയച്ചിരുന്നു. നമ്പിയുടെ നിര്യാണശേഷം സാരസ്വതോദ്യോദിതിയുടെ പ്രസിഡന്റാവാൻ പി.എസ് വാരിയരോട് അഭ്യർത്ഥിച്ചതായി അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പുകളിൽ ഉണ്ട്.

അദ്ദേഹത്തിന്റെ നിരവധി പ്രബന്ധങ്ങൾ ഭാഷാപോഷിണി, സ്വരബോധിനി, മംഗളോദയം, രസികരഞ്ജിനി, ധന്വന്തരി എന്നിവയിൽ പ്രസിദ്ധീകരിച്ചിരുന്നു. ജ്യോതിശാസ്ത്രസുബോധിനി, പഞ്ചബോധ വാക്യം, പ്രശ്നമാർഗം, ചമൽക്കാരചിന്താമണി, മഹിഷമംഗലഭാണം, ശ്രീകൃഷ്ണവിലാസം കാവ്യം എന്നിവക്ക് അദ്ദേഹം വ്യാഖ്യാനങ്ങളും നൽകിയിട്ടുണ്ട്. ഈഹാപുരാര്യസ്തവം, ഘോഷപുരീ മഹാരാജ്ഞി ചരിത്രം, ബുധാഷ്ടകം എന്നിവ പ്രധാനകൃതികളാണ്. ഗ്രന്ഥരചനക്കൊപ്പം ശിഷ്യന്മാരെ കവിതയും പ്രബന്ധങ്ങളും രചിക്കാൻ പ്രേരിപ്പിക്കുക കൂടി ചെയ്തിരുന്ന മഹാഗുരുവാണ് അദ്ദേഹം. മുപ്പതിൽപ്പരം കൊല്ലക്കാലം ചിന്താമണി എന്ന വൈദ്യശാല പുന്നശ്ശേരി നമ്പി നടത്തിയിരുന്നു. ചികിത്സാസൗകര്യങ്ങൾ കുറവായിരുന്ന അക്കാലത്തു ചിന്താമണി വൈദ്യശാല ഗ്രാമീണരുടെ ആരോഗ്യം സംരക്ഷിച്ചു പോന്നു. വൈദ്യ ശാലയെ ജനങ്ങൾക്ക് പരിചയപ്പെടുത്തുന്ന ഒരു പരസ്യം ഇങ്ങനെ:

'ഇവിടെ വരുന്ന രോഗികളെ പ്രസിദ്ധവൈദ്യനായ പുന്നശ്ശേരി നീലകണ്ഠ ശർമാവ് പരിശോധിക്കും. ചികിത്സകളും നിശ്ചയിക്കും. ശ്രദ്ധയോട്കൂടി മരുന്നുകൾ തയ്യാറാക്കുന്നുണ്ട്. പരിഷ്കരിക്ക പ്പെടുന്നുണ്ട്. ചുരുങ്ങിയ വിലയ്ക്ക് വിറ്റു വരുന്നു. രോഗികൾ മുൻകൂട്ടി അറിയിക്കുന്നപക്ഷം ഇവിടെ വച്ച് തന്നെ ചികിത്സയും നടത്തിക്കൊടു ക്കുന്നു. ദൂരദിക്കുകളിലുള്ള രോഗികൾ എഴുത്തുവഴിക്ക് രോഗത്തിന്റെ സ്വഭാവം അറിയിച്ചാൽ എഴുത്തു വഴിക്ക് തന്നെ ചികിത്സയും നിശ്ചയിച്ച് അറിയിക്കുന്നതാണ്. രോഗമെന്തെന്ന് വെളിപ്പെടുത്തുകയില്ല.

ഗുളിക, ലേഹം, പൊടി, നെയ്യ്, എണ്ണ, ആസവം, ക്ഷാരം, രസായനം, ഭസ്മം മുതലായ മരുന്നുകൾ തയ്യാറാക്കി വച്ചിട്ടുണ്ട്. ക്രമത്തിൽ അധികമധികം രോഗികൾ ഈ വൈദ്യശാലയെ ആശ്രയിക്കു ന്നുണ്ട്. മരുന്നുകൾക്കും വില്പന ക്രമത്തിൽ അധികമധികം ഉണ്ടാവുന്നുണ്ട്. കഞ്ചാവ്, കറുപ്പ് മുതലായ മരുന്നുകൾ ഉപയോഗിക്കുവാനുള്ള ഗവൺമെൻറ് സർട്ടിഫിക്കറ്റും വൈദ്യശാല നീട്ടിവെച്ചിട്ടുണ്ട്. വളരെക്കാലം ഇരിക്കു ന്നതും മറ്റു സാധനങ്ങൾ ചേർന്നത് കൊണ്ടുള്ള ദോഷമില്ലാത്തതുമായ കഷായങ്ങളും ഉണ്ടാക്കുന്നുണ്ട്. വൈദ്യശാലയുടെ സ്വഭാവം ജനങ്ങൾ അനുഭവം കൊണ്ട് മനസ്സിലാക്കട്ടെ. ബഹുജനങ്ങളുടെ അനുഗ്രഹവും, സഹായവും എപ്പോഴും അഭ്യർത്ഥിക്കുന്നു"

വൈദ്യശാലാധ്യക്ഷൻ. പെരുമുടിയൂർ. പട്ടാമ്പി 24.10.1918

**പുന്നശ്ശേരി നമ്പി എന്ന വൈദ്യൻ**

വൈദ്യരത്നം പി.എസ്.വാരിയരുടെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന ധന്വന്തരി എന്ന മലയാളത്തിലെ ആദ്യത്തെ വൈദ്യമാസികയിൽ നീലകണ്ഠശർമാവ് രണ്ടു ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. വാതദോഷത്തെക്കുറിച്ചും ആർത്തവപ്രശ്നങ്ങളെ ക്കുറിച്ചുമാണ് പ്രസ്തുത ലേഖനങ്ങൾ.

വെള്ളനിറത്തിൽ കുറഞ്ഞ അളവിൽ ആർത്തവരക്തം സ്രവിക്കുന്ന ഒരു യുവതിക്കുള്ള ചികിത്സയാണ് ശ്രദ്ധാർഹം. അദ്ദേഹം നിർദ്ദേശിച്ച ഔഷധങ്ങൾ - സപ്തസാരം കഷായത്തിൽ ഇന്ദുകാന്തഘൃതം മേമ്പൊടി. ആർദ്രകഘൃതം ചോറിനോടൊപ്പം കഴിക്കുക എന്നിവ ആദ്യപടിയായി നിർദേശിച്ചു കാണുന്നു. രക്തക്ഷയമാണ് രോഗഹേതു എന്ന നിഗമനത്തിൽ പിന്നീട് നൽകുന്നത് തിന്ത്രിണീതരുണ പർണശലാകാ എന്ന കഷായത്തിൽ മണ്ഡൂരവടകം ചേർത്ത് സേവിക്കാനും ചിഞ്ചാദി ലേഹം, ഗോമൂത്ര ഹരീതകി തുടങ്ങിയവ 21 ദിവസം കഴിക്കാനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. കൂടാതെ ദേഹബലത്തിന് ദ്രാക്ഷാമധുകാദി കഷായം, ആർദ്രകഘൃതം, സുകുമാരഘൃതം എന്നിവ 21 ദിവസം കൂടി കഴിക്കുവാനും.

## ഗുരുവിന്റെ ശിഷ്യന്മാർ

ഗുരുവിന്റെ അനുഗ്രഹം ലഭിച്ച ശിഷ്യന്മാരിൽ പ്രമുഖരാണ് കുട്ടികൃഷ്ണമാരാർ, കെ. പി. നാരായണപ്പിഷാരടി, വാചസ്പതി പരമേശ്വരൻ മൂസത്, കൈപ്പള്ളി വാസുദേവൻ മൂസത്, എം. പി ശങ്കുണ്ണി നായർ, വടക്കേപ്പാട്ട് നാരായണൻ നായർ തുടങ്ങിയ മഹത് വ്യക്തികൾ മൃതഭാഷയെ അമൃതാക്കി മാറ്റിയ പണ്ഡിതശ്രേഷ്ഠൻ പുന്നശ്ശേരി നമ്പി 1935 ൽ അന്തരിച്ചു.

സാരസ്വതോദ്യോതിനി വിദ്യാലയം 1956ൽ അധ്യാപകനും ശാസ്ത്രസാഹിത്യ സാംസ്കാരിക പ്രവർത്തകനുമായ പി. ടി. ഭാസ്ക്കര പ്പണിക്കരുടെ ശ്രമത്തിൽ മലബാർ ഡിസ്ട്രിക്ട് ബോർഡ് ഏറ്റെടുത്തു. 1958ൽ അത് ഗവ. സംസ്കൃത കോളേജായി മാറി.

## ഗ്രന്ഥസൂചി

1. പുന്നശ്ശേരി നമ്പി നീലകണ്ഠ ശർമാ, കെ.പി.നാരായണപ്പിഷാരോടി, സാംസ്കാരികവകുപ്പ്, കേരള സർക്കാർ, 1990
2. വൈദ്യരത്നത്തിന്റെ ഡയറിയിലൂടെ,ഡിപ്പാർട്ടമെന്റ് ഓഫ് പബ്ലിക്കേഷൻസ്, ആര്യവൈദ്യശാല, കോട്ടക്കൽ, 2006.